# സാരിയും വസ്ത്രസംസ്കാരവും

ജോണി ജെ. പ്ലാത്തോട്ടം

ലക്കം 2 തുടർച്ച....

വസ്ത്രം ഒരു കലാസൃഷ്ടിയാണ്. വസ്ത്രകലയ്ക്ക് ഒരു ശാസ്ത്രമുണ്ട്. ഒരുപാട് കണ്ടുപിടുത്തങ്ങളുണ്ടായിട്ടുണ്ട് ഈ ശാസ്ത്രത്തിൽ. വളർച്ചയുടെ അനേകം ഘട്ടങ്ങളിലൂടെ കടന്നാണ് വസ്ത്രം ഇവിടെ എത്തിയിട്ടുള്ളത്. വസ്ത്രമെന്ന ആശയത്തിന്റെ ആദ്യരൂപം അഥവാ പ്രാകൃതം അരയിൽ നിന്ന് തൂക്കിയിട്ട (ചുറ്റിവെച്ച) ഇലയോ മരത്തൊലിയോ ആണെന്ന് കരുതപ്പെടുന്നു. അടുത്ത ഘട്ടം ശരീരം മൂടിപ്പുതയ്ക്കുകയായിരുന്നു. പിന്നീട് ട്രൗസർ (കാലുറ), കൈയുള്ള (സ്ലീവ്സ്) വസ്ത്രങ്ങൾ, ബട്ടൺസ് (ഹുക്ക്) എന്നിവ കണ്ടുപിടിച്ചു. ഉടുപ്പിന് കോളർ എന്ന ആശയം ശാസ്ത്രീയമായും സൗന്ദര്യാത്മകമായും ഈ രംഗത്തുണ്ടായ വലിയൊരു മുന്നേറ്റമായിരുന്നു. വസ്ത്രസംസ്കാരത്തിൽ ഏറ്റവും താഴത്തെ സ്റ്റേജിൽപ്പെടുന്ന ഒന്നാണ് സാരി എന്നു മനസ്സിലാക്കാൻ വിഷമമില്ല (മുണ്ടിന്റെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ). സാംസ്കാരികമായി ഏറെ മുന്നേറിയ നമ്മൾ ചില രംഗത്ത് പ്രകടിപ്പിക്കുന്ന വിരുദ്ധതയുടെ കാരണങ്ങളെക്കുറിച്ച് നല്ല പഠനം നടത്തേണ്ടതാണ്.

## സാരിയുടെ സൗന്ദര്യബോധം

മനുഷ്യശരീരത്തിലെ ഏറെ വടിവും സൗന്ദര്യവുമുള്ള അവയവമാണ് കാൽ. ചരിത്രത്തിലും ദൈനംദിന ജീവിതത്തിലും വളരെ പ്രാധാന്യമേറിയതും. ഈ കാലുകളെ മൂടിക്കളയുകയോ വിലങ്ങിടുകയോ ചെയ്യുന്ന വസ്ത്രധാരണം അസൗന്ദര്യബോധത്തിന്റെയും യുക്തിരാഹിത്യത്തിന്റെയും സങ്കരസൃഷ്ടിയാണ്. സ്ത്രീയുടെ കാലും പാദവും അതിസുന്ദരമാണ്. സാരി ധരിച്ച കാൽപ്പാദങ്ങളോ ചെരുപ്പുധരിക്കുമ്പോൾ അവയ്ക്കുണ്ടാകുന്ന അധികഭംഗിയോ കാണാൻ കഴിയില്ല. കേരളീയ ദൃശ്യകലാരൂപങ്ങളിലെല്ലാം (കഥകളിയൊഴികെ) കാലുകളെ അലങ്കരിച്ച് പ്രദർശിപ്പിക്കുന്നു.

മനുഷ്യസംസ്കാരം പുരോഗമിച്ചപ്പോൾ വസ്ത്രധാരണത്തിന്റെ ഉദ്ദേശ്യങ്ങൾ മാറിപ്പോയി. ആദ്യം അത് നഗ്നത മറയ്ക്കാനും പിന്നീട് പ്രകൃതിയുടെ പാരുഷ്യങ്ങളിൽ നിന്ന് രക്ഷപ്പെടാനുമായിരുന്നു. ഇന്ന് വസ്ത്രം ശരീരത്തെ അലങ്കരിക്കാനുള്ളതാണ് (വർഷങ്ങൾക്കുമുമ്പ്, പ്രമുഖ സാഹിത്യകാരനായിരുന്ന കെ. സുരേന്ദ്രന്റെ ഒരു പുസ്തകത്തിൽ ഞാനിത് വായിച്ചപ്പോൾ, ലോകത്തേയ്ക്ക് പുതിയൊരു ജനാല തുറന്നുതന്നതിലുള്ള കൃതജ്ഞത തോന്നി അദ്ദേഹത്തോട്. ഈ ആശയം അദ്ദേഹത്തിന്റെ സ്വന്തമല്ലെങ്കിൽപ്പോലും). പ്രതിഭയുള്ള വസ്ത്രഡിസൈനർമാർ മനുഷ്യശരീരവടിവുകളെ പുനർസൃഷ്ടിക്കുന്നു. പ്രപഞ്ചസ്രഷ്ടാവിന്റെ ഉദാസീനതകളേയും പരിമിതികളേയും കണ്ടെത്തി സൃഷ്ടിയുടെ ലാവണ്യപൂർത്തി വരുത്തുകയാണ് വസ്ത്രകാരന്മാർ ചെയ്യുന്നത്.

## സാമൂഹികം

സാരി ഏറ്റവും വലിയ വിപത്തോ ചങ്ങലയോ ആയി ബോദ്ധ്യപ്പെടുന്നത് വസ്ത്രധാരണത്തിന്റെ സാമൂഹികവശം ചിന്തിക്കുമ്പോഴാണ്. ഒരു പെൺകുട്ടി വളർന്നുവരുന്നതോടെ അവളുടെ കാലിൽ സാരിയുടെ നീരാളിച്ചുറ്റ് വീഴുന്നു. രണ്ടടി വ്യാസമുള്ള ഒരു വൃത്തത്തിന്റെ സ്വാതന്ത്ര്യമേ പിന്നെ സ്ത്രീജീവിതത്തിനുള്ളൂ. എല്ലാ അർത്ഥത്തിലും വലിയ ചുവടുകൾ വയ്ക്കാൻ സാരി സ്ത്രീയ്ക്ക് തടസ്സമാകുന്നു. പുരുഷനോടൊപ്പം ഓടിക്കയറുവാനോ ആഴത്തിലിറങ്ങുവാനോ ഓടിരക്ഷപ്പെടാനോ പോലും സ്ത്രീക്ക് കഴിയാതാവുന്നു. സാരിക്കു പിന്നിൽ ഒരു ചതിയൻ പ്രത്യയശാസ്ത്രമുണ്ടെന്നു വേണമെങ്കിൽ പറയാം. വിദ്യാഭ്യാസത്തിനും മറ്റും ഇന്ത്യയിൽ ഒന്നാമതായിരുന്നിട്ടും. വിവിധ സാമൂഹ്യജീവിതമേഖലകളിൽ കേരളസ്ത്രീകൾ മറ്റുള്ളവർക്കൊപ്പമെത്താത്തതിന്റെ ഒരു പ്രധാന കാരണം സാരിയെന്ന ഈ കുച്ചുവിലങ്ങാണ്. മനഃശ്ശാസ്ത്രപരമായി ഒരു പിൻവലി തന്നെ സാരി പെൺകുട്ടികളിലുണ്ടാക്കും. സാരി മാത്രം ധരിച്ച ശീലമുള്ളവർ അതു തുടരട്ടെ. പക്ഷെ, സാരി ധരിച്ച വിദ്യാർത്ഥിക്കോ ഉദ്യോഗസ്ഥയ്ക്കോ കൈ തങ്ങളുടെ മനഃസ്സാന്നിദ്ധ്യത്തിന്റെയും പ്രജ്ഞയുടേയും ഒരു ഭാഗം, വസ്ത്രത്തിന്റെ സ്ഥാനചലനത്തിനും ഉടച്ചിലിനുമെതിരെ സദാ വിനിയോഗിക്കേണ്ടിവരുന്നു. ഇറുക്കവും വലിപ്പവും വിലക്കൂടുതലും ഉള്ള വസ്ത്രം ഉപയോഗിക്കുമ്പോഴും. ടി.വി. പോലുള്ള മാധ്യമങ്ങളിൽ നിഷ്കളങ്കമെന്നു തോന്നുന്ന വിധത്തിലും എന്നാൽ സാരിക്കനുകൂലമായും ധാരാളം ചർച്ചകൾ വരാറുണ്ട്. വനിതാപോലീസിനുപോലും യോജിച്ച വേഷം സാരിയാണത്രെ! (സ്വയം വിലങ്ങു ധരിച്ചുകൊണ്ട് കുറ്റവാളികളെ നേരിടാൻ പോകുംപോലെയായിരിക്കും അത്.) ഇത്തരം പരിപാടികൾ സംഘടിപ്പിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്യുന്നവരിൽ കുറേപ്പേരെങ്കിലും സ്ഥാപിതലക്ഷ്യങ്ങളുടെ റിക്രൂട്ട്മെന്റുകളായിരിക്കുമെന്ന വസ്തുത നാമോർമ്മിക്കണം.

## സാരിയൊരു നീരാളി

നാരിമാരുടെ ദേഹം ചുറ്റും നീരാളി" എന്നു തന്നെയാണ് എന്റെ അഭിപ്രായം.

(കേരളീയതയുടേയും പൗരുഷത്തിന്റെയുമൊക്കെ ചിഹ്നമായി ഘോഷിക്കപ്പെടുന്നതാണല്ലോ നമ്മുടെ വെള്ള (ഡബ്ബിൾ) മുണ്ട്. മുണ്ടിന്റെ പിന്നിലെ പണച്ചെലവും സൗന്ദര്യബോധവും ചരിത്രപരമായ യാഥാർത്ഥ്യങ്ങളുമൊക്കെ, സെന്റിമെന്റ്സും ദുരഭിമാനവും മാറ്റിനിർത്തിക്കൊണ്ട് ആരെങ്കിലുമൊന്ന് വിശകലനം ചെയ്യേണ്ടതാണ്).